(ബി) എങ്കിൽ എന്തെല്ലാം ആരോപണങ്ങളാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത താലൂക്കിലെ പട്ടയ വിതരണത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകൾക്കെതിരെ സി.പി.ഐ കുന്നത്തൂർ താലൂക്ക് സമിതിയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഓഫീസ് മാർച്ച് നടത്തിയിട്ടുണ്ടോ ;

(ഡി) ഈ പട്ടയ വിതരണത്തിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) പട്ടയം നൽകുന്നതിന് കാലവിളംബം ഉണ്ടാകുന്നതിൽ പ്രതിഷേധിച്ച് താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ആഫീസ് മാർച്ച് നടത്തിയിട്ടുണ്ട്. കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ രാജഗിരി കോളനിയിൽ പട്ടയം നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം സംബന്ധിച്ചാണ് മാർച്ച് നടന്നത്.

(ഡി) ക്രമക്കേടുള്ളതായി വ്യക്തമായ പരാതി ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആറന്മുള നിയോജക മണ്ഡലത്തിലെ കോളനി നിവാസികൾക്ക് കൈവശ ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ

71 (1630) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിലെ കോയിപ്രം വില്ലേജിലെ തെറ്റുപാറ കോളനി നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) നിരവധി വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമി എത്രയും പെട്ടെന്ന് കൈവശക്കാർക്ക് പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോയിപ്രം വില്ലേജിലെ തെറ്റുപാറ കോളനി നിവാസികൾക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് വസ്തു അളന്ന് തിരിച്ച് പ്ലോട്ടുകളാക്കി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും അനുവാദപത്രിക കിട്ടുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

72 (1631) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഓരോ മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലുമായി ഭൂമി പതിച്ചു കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly